ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 20.05.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ഭീകരവാദത്തിനെതിരെ സന്ധിയില്ലാ നയമാണ് ഇന്ത്യക്കും നോർഡിക് രാജ്യങ്ങൾക്കും ഉള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദേശ പര്യടനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി ഇറ്റലിയിൽ എത്തി.

   Prime Minister Narendra Modi said that India and the Nordic countries share a zero-tolerance policy against terrorism. In the final leg of his foreign tour, the Prime Minister arrived in Italy.

2. രാജ്യത്തെ ബ്രോഡ് ഗേജ് ശൃംഖലയുടെ 99.6 ശതമാനം വൈദ്യുതീകരണം പൂർത്തിയാക്കി ഇന്ത്യൻ റെയിൽവേയ്ക്ക് ചരിത്ര നേട്ടം.

   India has achieved a major milestone in railway modernisation by completing 99-point-6 per cent electrification of its Broad Gauge network.

3. 16-ാാം കേരള നിയമസഭയുടെ പ്രോട്ടം - സ്പീക്കറായി ജി.സുധാകരൻ ഇന്ന് ഗവർണർക്ക് മുൻപാകെ സത്യപ്രതിജ്ഞ ചെയ്യും. നിയുക്ത എംഎൽഎമാരുടെ സത്യപ്രതിജ്ഞ നാളെ.

G. Sudhakaran will take oath before the Governor today as the pro-tem Speaker of the 16th Kerala Legislative Assembly. The swearing-in ceremony of the newly elected MLAs will be held tomorrow.

4. പശ്ചിമ ബംഗാളിലെ ഫാൽട്ട നിയമസഭാ മണ്ഡലത്തിൽ റീപ്പോളിംഗ് നാളെ. വോട്ടെണ്ണൽ ഈ മാസം 24 ന്.
   Repolling will be held tomorrow in the Falta Assembly Constituency in West Bengal. The counting of votes will take place on the 24th of this month.
5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
   Heavy rain accompanied by thunder storm and strong winds is likely in Kerala. Yellow alert has been issued today in four districts. Fishing has been banned along the coasts of Keralam, Karnataka and Lakshadweep.
6. ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ രാജസ്ഥാൻ റോയൽസിന് 7 വിക്കറ്റ് ജയം.
   In IPL cricket, Rajasthan Royals defeated Lucknow Super Giants by seven wickets.

❁❁❁❁❁❁❁❁❁❁❁❁❁

**PM (INTRO)**

ഭീകരവാദത്തിനെതിരെ സന്ധിയില്ലാ നയമാണ് ഇന്ത്യക്കും നോർഡിക് രാജ്യങ്ങൾക്കും ഉള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോളതലത്തിൽ പ്രതിസന്ധി നിലനിൽക്കുന്ന ഈ

സാഹചര്യത്തിൽ ഇന്ത്യയും നോർഡിക് രാജ്യങ്ങളും ഒറ്റക്കെട്ടായി നേരിടാൻ പ്രയത്നിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഓസ്ലോയിൽ നടന്ന മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിക്ക് ശേഷമുള്ള സംയുക്ത വാർത്ത സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

**(ഹോൾഡ് വോയിസ്)**

പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം നോർവേ, ഡെന്മാർക്ക്,ഫിൻലാൻഡ്, ഐസ്‌ലാൻഡ്, സ്വീഡൻ, പ്രധാനമന്ത്രിമാരും ഉച്ചകോടിയിൽ പങ്കെടുത്തു.

**PM ITALY**

വിദേശ പര്യടനത്തിൻറെ അവസാന പാദത്തിൽ പ്രധാനമന്ത്രി ഇന്നലെ ഇറ്റലിയിലെ റോമിൽ എത്തി. ഇറ്റലിയുടെ ഉപപ്രധാനമന്ത്രിയും വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രിയുമായ അൻറോണിയോ തജാനി അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. ഇറ്റാലിയൻ പ്രസിഡൻറ് സെർജിയോ മാറ്ററെല്ലയുമായും പ്രധാനമന്ത്രി ജോർജിയ മെലോണിയുമായും ശ്രീ.മോദി കൂടിക്കാഴ്ച നടത്തും.

2025-2029 ലെ സംയുക്ത തന്ത്രപര പ്രവർത്തന പദ്ധതി അവലോകനം ചെയ്യുന്ന പ്രധാനമന്ത്രി ഐക്യരാഷ്ട്ര ഭക്ഷ്യ-കാർഷിക സംഘടനയുടെ ആസ്ഥാനവും സന്ദർശിക്കും.

## RAILWAY ELECTRIFICATION

ബ്രോഡ് ഗേജ് ശൃംഖലയുടെ 99.6 ശതമാനം വൈദ്യുതീകരണം പൂർത്തിയാക്കി ഇന്ത്യൻ റെയിൽവേ. യൂറോപ്യൻ യൂണിയൻ, യുണൈറ്റഡ് കിംഗ്ഡം, അമേരിക്ക എന്നിവയുൾപ്പെടെ നിരവധി പ്രധാന റെയിൽ സംവിധാനങ്ങളെ പിന്നിലാക്കിയാണ് ഇന്ത്യയുടെ ഈ നേട്ടം. ഈ വർഷം മാർച്ച് വരെ 69,873 റൂട്ട് കിലോമീറ്ററിലധികം ബ്രോഡ് ഗേജ് റെയിൽവേ ലൈനുകൾ വൈദ്യുതീകരിച്ച് കൊണ്ടാണ് ഇന്ത്യൻ റെയിൽവേ ആധുനികവത്കരണത്തിൽ ഈ നാഴികക്കല്ല് കൈവരിച്ചത്.

## NEET PRADHAN

നീറ്റ് യുജി പുനഃപരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻറെ അധ്യക്ഷതയിൽ ഉന്നതതല അവലോകന യോഗം ചേർന്നു. പരീക്ഷാ നടത്തിപ്പിൽ പൂർണ്ണമായ സുതാര്യതയും കൃത്യതയും ഉറപ്പാക്കണമെന്നും മുൻപ് നടന്ന പരീക്ഷാ പ്രക്രിയയിൽ കണ്ടെത്തിയ എല്ലാ പോരായ്മകളും പൂർണ്ണമായി പരിഹരിച്ചുകൊണ്ടായിരിക്കണം പുനഃപരീക്ഷ നടത്തേണ്ടതെന്നും ഉദ്യോഗസ്ഥർക്ക് അദ്ദേഹം കർശന നിർദ്ദേശം നൽകി. പരീക്ഷാ ക്രമീകരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിലെ ജില്ലാ മജിസ്ട്രേറ്റുമാരുമായും പോലീസ് സൂപ്രണ്ടുമാരുമായും

അടിയന്തര ഏകോപന ചർച്ചകൾ സംഘടിപ്പിക്കാനും യോഗത്തിൽ തീരുമാനമായി.

❁❁❁❁❁❁❁❁❁❁❁❁❁

## WEST BENGAL-BY-ELECTION

പശ്ചിമ ബംഗാളിൽ ഫാൽട്ട നിയമസഭാ മണ്ഡലത്തിൽ റീപ്പോളിംഗ് നാളെ നടക്കും. ഈ മാസം 24 നാണ് വോട്ടെണ്ണൽ. ഏപ്രിൽ 29 ന് ഫാൽറ്റയിൽ നടന്ന വോട്ടെടുപ്പിൽ ക്രമക്കേട് ആരോപിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ മണ്ഡലത്തിലെ 285 ബൂത്തുകളിലും വീണ്ടും വോട്ടെടുപ്പ് നടത്താൻ ഉത്തരവിട്ടിരുന്നു. അതേസമയം, തൃണമൂൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥി ജഹാംഗീർ ഖാൻ നാമനിർദ്ദേശ പത്രിക പിൻവലിച്ചതായി പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RUBIO INDIA VISIT

നാല് ദിവസത്തെ സന്ദർശനത്തിനായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ഈ മാസം 23 നു ഇന്ത്യയിലെത്തും. റൂബിയോയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. കൊൽക്കത്ത, ആഗ്ര, ജയ്പൂർ, ന്യൂഡൽഹി എന്നിവിടങ്ങൾ അദ്ദേഹം സന്ദർശിക്കും. ഊർജ്ജം, സുരക്ഷ, വ്യാപാരം, പ്രതിരോധ സഹകരണം എന്നിവയെക്കുറിച്ച് ഇന്ത്യയിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി അദ്ദേഹം ചർച്ച ചെയ്യും. ഓസ്ട്രേലിയ, ജപ്പാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവ

ഉൾപ്പെടുന്ന 'ക്വാഡ്' ഗ്രൂപ്പിന്റെ മീറ്റിംഗിലും റൂബിയോ പങ്കെടുക്കും.

GOYAL-REFORM SUMMIT

രാജ്യത്തെ ബിസിനസ്സ് അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താനും ഇന്ത്യയെ വികസിത രാജ്യമാക്കാനും സർക്കാരും വ്യവസായ മേഖലയും തമ്മിൽ ശക്തമായ സഹകരണം അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന 'ഇന്ത്യ ബിസിനസ് റിഫോം സമ്മിറ്റ് 2026'-ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിലെ ഭൗമരാഷ്ട്രീയ പ്രതിസന്ധികളെ രാജ്യത്തെ ബിസിനസ്സ് പ്രക്രിയകൾ വേഗത്തിലാക്കാനും വിതരണ ശൃംഖലകൾ മെച്ചപ്പെടുത്താനുമുള്ള അവസരമായി കണക്കാക്കണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

3D AI GANDHI

നിർമിത ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഹൈപ്പർ-റിയലിസ്റ്റിക് 3D അവതാറിലൂടെ മഹാത്മാഗാന്ധിയുമായി സംവദിക്കാൻ സന്ദർശകർക്ക് അവസരം ഒരുക്കി ഡൽഹിയിലെ പ്രധാനമന്ത്രി സംഗ്രഹാലയ. മ്യൂസിയത്തിലെ മൂന്നാമത്തെ AI- പവർഡ് ഇന്ററാക്ടീവ് ഹോളോബോക്സ് ആണിത്. സർദാർ വല്ലഭായ് പട്ടേലിന്റെയും

മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന്റെയും AI- പവർഡ് ഹോളോബോക്സ് ഇൻസ്റ്റാളേഷനുകൾ മ്യൂസിയത്തിൽ ആരംഭിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## SC- EUTHANASIA TO DOG

മനുഷ്യജീവനും പൊതുജന സുരക്ഷയ്ക്കും ഭീഷണിയാകുന്ന അത്യന്തം അപകടകാരികളായ തെരുവ് നായകൾക്ക് ദയാവധം അനുവദിക്കാൻ സുപ്രീം കോടതി അനുമതി നൽകി. രാജ്യത്തുടനീളം വർദ്ധിച്ചുവരുന്ന തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനായിയാണ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. പൊതുജന സുരക്ഷയ്ക്ക് ഭീഷണിയാവുന്ന പ്രദേശങ്ങളിൽ നഗരസഭകൾക്ക് ദയാവധം നടപ്പാക്കാമെന്ന് കോടതി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA CABINET (INTRO)

16-ാം കേരള നിയമസഭയുടെ പ്രോട്ടം - സ്പീക്കറായി അമ്പലപ്പുഴയിൽ നിന്നുള്ള എം എൽ എ ജി.സുധാകരൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 9.30 ന് ഗവർണർക്ക് മുൻപാകെയാണ് സത്യപ്രതിജ്ഞ. നിയുക്ത

എംഎൽഎമാരുടെ സത്യപ്രതിജ്ഞ നാളെ നിയമസഭയിൽ നടക്കും. അതെസമയം,

മന്ത്രിമാരുടെ വകുപ്പ് വിഭജനത്തിൽ എത്രയും വേഗം സമവായമുണ്ടാക്കി വിജ്ഞാപനം പുറത്തിറക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**വിശദാംശങ്ങളിലേക്ക്.......**

**(വോയിസ്)**

## KERALA CABINET (VOICE)

പുതിയ സ്പീക്കറുടെ തിരഞ്ഞെടുപ്പ് മറ്റന്നാൾ നടക്കും. മുതിർന്ന അംഗവും അമ്പലപ്പുഴ എംഎൽഎയുമായ

ജി സുധാകരനാണ് പ്രോ-ടെം സ്പീക്കർ. ഈ മാസം 29 -നാണ് ഗവർണറുടെ നയപ്രഖ്യാപനം. അതേസമയം മന്ത്രിമാർക്ക് ഔദ്യോഗിക വസതികൾ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പൊതുഭരണ വകുപ്പ് പുറത്തിറക്കി. മുഖ്യമന്ത്രി വി.ഡി സതീശന് ക്ലിഫ് ഹൗസും, മന്ത്രിമാർക്കായി 20 ഔദ്യോഗിക വസതികളുമാണ് അനുവദിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം പുറത്തിറക്കുന്നതിന് പ്രത്യേക സമിതി സംസ്ഥാന സർക്കാർ രൂപീകരിച്ചു. മുൻ ക്യാബിനറ്റ് സെക്രട്ടറി കെ.എം ചന്ദ്രശേഖർ അധ്യക്ഷനാകുന്ന സമിതിയിൽ ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ ജ്യോതിലാലാണ് കൺവീനർ .

സാമ്പത്തിക വിദഗ്ധൻ നാരായണ, സി.ഡി.എസ് ഡയറക്ടർ വീരമണി എന്നിവരാണ് സമിതി അംഗങ്ങൾ.

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

## STUDENT POLICE

സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ സംസ്ഥാനതല വാർഷിക സഹവാസ ക്യാമ്പ് "ഐക്യ 2026" ന് വൈകിട്ട് തിരുവനന്തപുരത്ത് തുടക്കമാകും. ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ രാജസ്ഥാൻ റോയൽസിനു ജയം. ഇന്നലെ ജയ്പൂരിൽ നടന്ന മത്സരത്തിൽ 7 വിക്കറ്റിനാണ് ലക്നൗ പരാജയപ്പെട്ടത്.

221 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ രാജസ്ഥാൻ റോയൽസ് 7 വിക്കറ്റുകൾ ബാക്കി നിൽക്കെ ലക്ഷ്യം മറികടന്നു. ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 07:30 ന് കൊൽക്കത്തയിലാണ് മത്സരം.

## IMD

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യത.ആലപ്പുഴ, എറണാകുളം , തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഇന്നും നാളെ ഏഴ് ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട് . കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കാലവർഷം കേരളത്തിൽ ഈ മാസം 26 ഓടെ എത്താനാണ് സാധ്യത.

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

## WB-OBC RESERVATION

പശ്ചിമ ബംഗാൾ സർക്കാരിന്റെ കീഴിലുള്ള സർവീസുകളിലും തസ്തികകളിലും സംവരണത്തിനായി

66 ഒബിസി വിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. കൽക്കട്ട ഹൈക്കോടതി ഉത്തരവിനെത്തുടർന്നാണ് നടപടി. നേരത്തെയുണ്ടായിരുന്ന ഒബിസി - എ യ്ക്കുള്ള 10 ശതമാനം സംവരണവും ഒബിസി - ബി ക്കുള്ള 7 ശതമാനം സംവരണവും റദ്ദാക്കുകയും ചെയ്തു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 16 (4) പ്രകാരം സംസ്ഥാന പട്ടികയിൽ 2010 ന് മുമ്പ് ഉൾപ്പെടുത്തിയിരുന്ന ഒബിസി പട്ടിക അതേപടി നിലനിൽക്കും.

## DGCA

ഡിജിസിഎ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ, എയർ ഇന്ത്യ ബോയിംഗ് 787-8 വിമാനത്തിൻറെ ഇന്ധന നിയന്ത്രണ സ്വിച്ചുകൾ പരിശോധിക്കാൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ നിർദ്ദേശിച്ചു. ഫെബ്രുവരി 2 നാണ് എയർ ഇന്ത്യ ബോയിംഗ് 787-8 വിമാനം അവസാനം സർവിസ് നടത്തിയത്.

## ONE NATION ONE ELECTION – JPC

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റി മൂന്ന് ദിവസത്തെ

സന്ദർശനത്തിനായി ഗുജറാത്തിൽ എത്തി. പി.പി ചൗധരി അധ്യക്ഷനായ സമിതി ചീഫ് സെക്രട്ടറി, ഡിജിപി മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ഇന്ന് ഗാന്ധിനഗറിൽ കൂടിക്കാഴ്ച നടത്തും. ഇതുവരെ നടത്തിയ ചർച്ചകളിൽ ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയത്തെ അനുകൂലിക്കുന്ന നിലപാടാണ് എല്ലാവരും കൈക്കൊണ്ടതെന്ന് ശ്രീ പി.പി ചൗധരി അറിയിച്ചു. ഗുജറാത്തിൽ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തുന്നതിലൂടെ മാത്രം ഏഴ് ലക്ഷം കോടി രൂപ ലാഭിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

## METROLOGY DAY

ഇന്ന് ലോക മെട്രോളജി ദിനം. ദൈനംദിന ജീവിതത്തിൽ അളവെടുപ്പ് ശാസ്ത്രത്തിന്റെ പങ്കിനെ എടുത്തുകാണിക്കുന്നതിനാണ് ദിനാചരണം. 1875-ൽ പാരീസിൽ വച്ച് മീറ്റർ കൺവെൻഷൻ ഒപ്പുവെച്ചതിന്റെ വാർഷികത്തെ അനുസ്മരിക്കാനാണ് ലോക മെട്രോളജി ദിനം ആചരിക്കുന്നത്. "അളവ്ശാസ്ത്രം: നയരൂപീകരണത്തിൽ വിശ്വാസം വളർത്തുക' എന്നതാണ് ഈ വർഷത്തെ പ്രമേയം.